**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3916** **27-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | മാസ്റ്റർ പ്ലാൻ. മാസ്റ്റർ പ്ലാനിന്റെ ഒന്നാം ഘട്ടം കിഫ്ബി സഹായത്തോടുകൂടി നടത്തുന്നതിന് എസ്.പി.വി ആയി M/s HITES- നെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും പ്രസ്തുത പ്രോജക്ടിന് 187,50,37,631/- രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിന്റെ പ്ലാൻ കിഫ്ബിയുടെ അന്തിമ അനുമതി ലഭിക്കുന്നതിനായി സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഐസോലേഷൻ ബ്ലോക്ക്. കോഴിക്കോട് സർക്കാർ മെഡിക്കൽകോളേജിൽ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ഐസോലേഷൻ ബ്ലോക്ക് നിർമ്മിക്കുന്നതിന് ഇതിന്റെ നിർവ്വഹണ ഏജൻസിയായി M/s HITES നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് M/s HITES പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പെറ്റ് സി.ടി. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്-ലെ എച്ച്.ഡി.എസിനു കീഴിൽ 10 കോടി രൂപ ചിലവിൽ പെറ്റ് സി.ടി വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അത് പ്രകാരം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് M/s സിമെൻസ് എന്ന സ്ഥാപനത്തിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. ടേർഷ്യറി (ത്രിതീയ) കാൻസർ കെയർ സെന്റർ. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ ത്രിതീയ കാൻസർ കെയർ സെന്ററിൽ പുതുതായി ഒരു നില നിർമ്മിക്കുന്നതിന് 2021-22 സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പുതിയ ഹോസ്റ്റൽ. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ പുതിയ ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 4210-03-105-92 എന്ന ശീർഷകത്തിൽ 2021-22 സാമ്പത്തിക വർഷം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ